# കേരള സർവകലാശാല

നം. പി.ആർ.107/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## കേരള സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിലെ ഒന്നാം വർഷ ബിരുദ പ്രവേശനം 2017-18 ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു.

കേരള സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകളിലും (ഗവൺമെന്റ്, എയ്ഡഡ്/സ്വാശ്രയ), യു.ഐ.റ്റി , ഐ.എച്ച്.ആർ.ഡി എന്നിവിടങ്ങളിലും ഒന്നാം വർഷ ബിരുദ പ്രോഗ്രാമുകളിലേക്ക് (2017-18) പ്രവേശനത്തിന് ഓൺലൈൻ (http://admissions.keralauniversity.ac.in) രജിസ്ട്രേഷൻ ആരംഭിച്ചു.

കേരള സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എല്ലാ കോളേജുകളിലും 2017-18 വർഷം ബിരുദ പ്രവേശനം ഏകജാലക സംവിധാനത്തിലൂടെ നടത്തുന്നതാണ്. എല്ലാ കോളേജുകളിലേയും മെരിറ്റ് സീറ്റുകളിലേക്കും , എസ്.സി/ എസ്.ടി/ എസ്.ഇ.ബി.സി സംവരണ സീറ്റുകളിലേക്കും ഏകജാലക സംവിധാനം വഴി തന്നെ ആയിരിക്കും അലോട്ട്മെന്റ്. കേരള സർവ്വകലാശാലയുടെ കീഴിൽ പ്രവേശനം ആഗ്രഹിക്കുന്ന എല്ലാ വിദ്യാർത്ഥികളും ഏകജാലക സംവിധാനം വഴി അപേക്ഷ സമർപ്പിച്ചിരിക്കേണ്ടതാണ്.

മാനേജ്മെന്റ് , കമ്മ്യൂണിറ്റി, വികലാംഗർ, തമിഴ് ഭാഷ ന്യൂനപക്ഷ വിഭാഗങ്ങൾ, ലക്ഷദ്വീപ് നിവാസികൾ ,സ്പോർട്സ് ക്വോട്ട എന്നിവയിൽ പ്രവേശനം ആഗ്രഹിക്കുന്നവർ എല്ലാവരും തന്നെ ഏകജാലക സംവിധാനത്തിലൂടെ അപേക്ഷ സമർപ്പിച്ചിരിക്കണം.

ശ്രദ്ധാപൂർവ്വം, കൃത്യതയോടെ രജിസ്ട്രേഷൻ പൂർത്തിയാക്കേണ്ടതാണ്. പരാതി രഹിതമായ ഒരു ഓൺലൈൻ രജിസ്ട്രേഷൻ ആണ് ലക്ഷ്യമിടുന്നത്. രജിസ്ട്രേഷൻ സമയത്ത് നൽകുന്ന മൊബൈൽ ഫോൺ നമ്പറുകൾ പ്രവേശന നടപടികൾ അവസാനിക്കുന്നത് വരെ ഒരു കാരണവശാലും മാറ്റരുത്.

ഓൺലൈൻ അപേക്ഷയിലെ തെറ്റുകൾ തിരുത്തുവാൻ

- ഓൺലൈൻ രജിസ്ട്രേഷൻ ചെയ്യുമ്പോഴുണ്ടാകുന്ന തെറ്റുകൾ രജിസ്ട്രേഷൻ കാലയളവിൽ വിദ്യാർത്ഥികൾക്ക് അവരവരുടെ ആപ്ലിക്കേഷൻ നമ്പറും പാസ്‌വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്തു പരിഹരിക്കാവുന്നതാണ്.

- പേരും ജനനത്തീയതിയും തിരുത്തുന്നതിന് ലോഗിൻ പേജിൽ ഉള്ള 'ഫോറം' എന്ന ലിങ്ക് ഉപയോഗിക്കാവുന്നതാണ്.

- രജിസ്ട്രേഷൻ കാലയളവ് കഴിഞ്ഞാൽ എല്ലാ തെറ്റുകളും 'ഫോറം' ലിങ്ക് വഴി മാത്രമേ പരിഹരിക്കാൻ സാധിക്കുകയുള്ളു. 'ഫോറം' ലിങ്കിൽ പരാതികൾ രജിസ്റ്റർ ചെയ്യുമ്പോൾ പരാതി

പരിഹരിക്കുന്നതിനാധാരമായ ഡോക്യുമെന്റ്സ് (രേഖകൾ) അപ്‌ലോഡ് ചെയ്യേണ്ടതാണ്. ഇപ്രകാരം ചെയ്യുമ്പോൾ ലഭിക്കുന്ന ടോക്കൺ നമ്പർ വിദ്യാർത്ഥികൾ സൂക്ഷിക്കേണ്ടതും പിന്നീട് പരാതികൾ സംബന്ധിച്ച് സർവ്വകലാശാലയുമായുള്ള ഇടപാടുകളിൽ നിർബന്ധമായും ഉപയോഗിക്കേണ്ടതുമാണ്.

രജിസ്ട്രേഷൻ പൂർത്തീകരിച്ച് കഴിഞ്ഞ് ആയതിന്റെ ഒരു പ്രിന്റ് ഔട്ട് എടുത്ത് സൂക്ഷിക്കേണ്ടതാണ്.

പ്രത്യേക ശ്രദ്ധക്ക്: ഏകജാലക സംവിധാനത്തിലുള്ള എല്ലാ ഫീസുകളും വെബ്സൈറ്റിൽ നിന്ന് ലഭിക്കുന്ന പ്രത്യേക ചെലാൻ ഉപയോഗിച്ച് എസ്.ബി.ഐ വഴി മാത്രം അടക്കേണ്ടതാണ്. ഡി.ഡി, ചെക്ക് എന്നിവ സ്വീകരിക്കുന്നതല്ല.

0471–2304631, 2386296, 8281883052, 8281883053 എന്നീ ഹെൽപ്പ്ലൈൻ നമ്പരുകളിൽ എല്ലാ പ്രവൃത്തി ദിവസങ്ങളിലും രാവിലെ 10 മണി മുതൽ വൈകുന്നേരം 5 മണി വരെ ബന്ധപ്പെടാം.

(എല്ലാ എഡിഷനിലും പ്രസിദ്ധീകരിക്കാനുള്ളത്)

## ഒന്നാം വർഷ ബിരുദ പ്രവേശനം: തീയതികൾ പിന്നീട് അറിയിക്കും

ഏകജാലക സംവിധാനം വഴി 2017–18 വർഷത്തെ കേരള സർവകലാശാല യുടെ ഒന്നാം വർഷ ബിരുദ കോഴ്സുകളിലേക്കുള്ള രജിസ്ട്രേഷൻ ആരം ഭിച്ചു. രജിസ്ട്രേഷൻ അവസാനിക്കുന്ന തീയതി, അലോട്ട്മെന്റുകളുടെ തീയതി എന്നിവ സി.ബി.എസ്.സി 12–ാം ക്ലാസിലെ പരീക്ഷാഫലം പ്രസിദ്ധീകരിച്ച ശേഷം വിജ്ഞാപനം ചെയ്യുന്നതായിരിക്കും. പ്രസ്തുത തീയതികൾ വെബ്സൈറ്റിലും സർവകലാശാല പത്രക്കുറിപ്പിലൂടെയും വിദ്യാർത്ഥികൾക്ക് ലഭ്യമാകും. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് സർവകലാശാല ഓഫീസി ലേക്ക് അയക്കേണ്ടതില്ല. പ്രവേശന സമയത്ത് അതത് കോളേജുകളിൽ ഹാജ രാക്കിയാൽ മതി.

(എല്ലാ എഡിഷനിലും പ്രസിദ്ധീകരിക്കാനുള്ളത്)

## അപേക്ഷകൾ കോളേജുകളിൽ സമർപ്പിക്കണം

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിലെ യു.ജി കോഴ്സുകളിൽ 2017–18 അദ്ധ്യയന വർഷത്തേക്കുള്ള കമ്മ്യൂണിറ്റി ക്വാട്ടയിലേക്കുള്ള അപേക്ഷകൾ, ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടും അനുബന്ധ രേഖകളും സഹിതം ബന്ധപ്പെട്ട കോളേജുകളിൽ സമർപ്പിക്കണം.

(എല്ലാ എഡിഷനിലും പ്രസിദ്ധീകരിക്കാനുള്ളത്)

## പ്രോജക്ട് മൂല്യനിർണ്ണയവും വാചാപരീക്ഷയും

കേരള സർവകലാശാല 2017 ഏപ്രിലിൽ നടത്തിയ ആറാം സെമസ്റ്റർ ബി.പി.എ വീണ പരീക്ഷയുടെ പ്രാക്ടിക്കൽ പരീക്ഷയും പ്രോജക്ട് മൂല്യനിർണ്ണയവും വാചാപരീക്ഷയും മെയ് 18, 19 തീയതികളിൽ ശ്രീ സ്വാതിതിരുനാൾ സംഗീത

കോളേജിൽ വച്ച് നടക്കും. വിശദമായ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## വോട്ടർ പട്ടികകൾ പ്രസിദ്ധീകരിച്ചു

കേരള സർവകലാശാല സെനറ്റിലേക്കും സ്റ്റുഡന്റ്സ് കൗൺസിലിലേയ്ക്കുമുള്ള വിദ്യാർത്ഥി പ്രതിനിധികളുടേയും കേരള സർവകലാശാല യൂണിയൻ (2016-17) ഭാരവാഹികളുടേയും തിരഞ്ഞെടുപ്പുകളുമായി ബന്ധപ്പെട്ട വോട്ടർ പട്ടികകൾ മെയ് 17-ന് സർവകലാശാല ഓഫീസിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

## ത്രിദിന അന്താരാഷ്ട്ര ശിൽപശാല

കേരള സർവകലാശാല അറബി പഠനവകുപ്പിന്റെയും സൗദിയിലെ കിംഗ് അബ്ദുൽ അസീസ് സർവകലാശാല ഇൻസ്റ്റിറ്റ്യൂട്ട് ഫോർ നോൺ നേറ്റീവ് അറബിക് സ്പീക്കിംഗിന്റെയും ആഭിമുഖ്യത്തിൽ മെയ് 19 മുതൽ 21 വരെ കാര്യവട്ടത്ത് വച്ച് അറബിഭാഷാ അദ്ധ്യാപകർക്കും ഗവേഷകർക്കും വിദ്യാർത്ഥികൾക്കുമായി ശിൽപശാല സംഘടിപ്പിക്കുന്നു. 19-ന് അദ്ധ്യാപകർക്കും 20-ന് ഗവേഷകർക്കും 21-ന് ജനറൽ സെഷനുമായിരിക്കും. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്കാണ് പ്രവേശനം. ഫോൺ: 9562722485

## ബി.ആർക് ഫലം

കേരള സർവകലാശാല 2016 നവംബറിൽ നടത്തിയ ആറാം സെമസ്റ്റർ ബി.ആർക് (2013 സ്കീം) ഇംപ്രൂവ്മെന്റ്, സപ്ലിമെന്ററി പരീക്ഷയുടെ ഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## KMAT പരീക്ഷ

ജൂൺ 11-ന് നടക്കുന്ന KMAT-2017 പരീക്ഷയ്ക്ക് ഓൺലൈൻ അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി മെയ് 31. കൂടുതൽ വിവരങ്ങൾക്ക് kmatkerala.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

തിരുവനന്തപുരം.
17.05.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098